## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

1. <u>അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ടിന്റെ പരിഗണന</u>

<u>മി. സ്പീക്കർ</u>: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. എൻ. വിജയൻ പിള്ള സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## 2. സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

### കേന്ദ്രാവിഷ്കൃത പദ്ധതി മാനദണ്ഡങ്ങൾ

മി. സ്പീക്കർ: ശ്രീ. മാത്യു ടി. തോമസ് നോട്ടീസ് നൽകിയിട്ടുള്ള പ്രമേയമാണ് ഒന്നാമത്തേത്. ശ്രീ. മാത്യു ടി. തോമസിന് അദ്ദേഹം പിന്നീട് നോട്ടീസ് നൽകിയ ഭേദഗതിയോടെയുള്ള പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, “ സംസ്ഥാന/പ്രാദേശിക സർക്കാർ തലങ്ങളിൽ നടപ്പിലാക്കപ്പെടേണ്ടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേന്ദ്രതലത്തിൽ നിശ്ചയിക്കപ്പെടുന്നത് സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളെ നിറവേറ്റുന്നതിൽ വലിയ തോതിൽ പരിമിതികൾ സൃഷ്ടിക്കുകയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും തുലോം വിഭിന്നമായ കേരളത്തിലെ ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക, ജലസംരക്ഷണ മേഖലകളിൽ നിലവിലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സമ്പൂർണ്ണ നേട്ടം കൈവരിക്കാനാകാതെ വരുന്നത് കേന്ദ്ര മാനദണ്ഡങ്ങളുടെ അയവില്ലായ്മ മൂലമാണ്. എൻ.എച്ച്.എം., എസ്.എസ്.എ.,

പി.എം.കെ.എസ്.വൈ. എന്നീ പദ്ധതികൾ ഫലപ്രദമാക്കുന്നതിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൃഷി, കൃഷി അനുബന്ധ ഉത്പാദന മേഖലകളുമായി സംയോജിപ്പിച്ച് വലിയ നേട്ടം കൈവരിക്കുന്നതിലും തടസ്സങ്ങൾ നേരിടുകയാണ്.

സംസ്ഥാനത്തിന്റെ സ്വതന്ത്ര ധനവിനിയോഗത്തിന് വിഘാതമാകുന്ന തരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഈയടുത്ത് ഗണ്യമായി വർദ്ധിപ്പിച്ചതുമൂലം സംസ്ഥാനത്തിന്റെ പരിമിത വിഭവം വലിയതോതിൽ ഇവയ്ക്കായി നീക്കി വയ്ക്കുവാൻ നിർബന്ധിതമാകുകയാണ്. ഇതിനുപകരമായി, കേന്ദ്ര വിഹിതം സംസ്ഥാനങ്ങൾക്ക് നിശ്ചിത ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തപ്പെടുത്തി ഗ്രാന്റുകളായി കൈമാറിയാൽ സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്ക് ഉതകുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഫലപ്രാപ്തിയിൽ എത്തിക്കുവാനാകും.

ഈ സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളും സാഹചര്യങ്ങളും അനുസരിച്ച് പുനരാവിഷ്കരിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ അയവുകൾ

വരുത്തുവാൻ തയ്യാറാകണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഒന്നാം ഖണ്ഡികയിൽ രണ്ടാമത്തെ വാചകത്തിൽ "കാർഷിക" എന്ന വാക്കിന് ശേഷം "ജലസംരക്ഷണ" എന്ന വാക്കും മൂന്നാമത്തെ വാചകത്തിൽ"എസ്.എസ്.എ." എന്നതിനുശേഷം"പി.എം.കെ.എസ്.വൈ." എന്നും ചേർക്കുക.

വിഭവ സമൃദ്ധമായ സദ്യ ഒരാളുടെ മുമ്പിൽ വിളമ്പിവച്ച ശേഷം അയാളുടെ കൈമുട്ടുകൾ മടക്കാനാകാത്ത വിധം ബന്ധിച്ചിരിക്കുന്ന അവസ്ഥയിലാണ് കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കാര്യത്തിൽ കേരളം. കൈമുട്ടൊന്ന് മടക്കിയാൽ മാത്രമല്ലേ ഈ സദ്യ ഭക്ഷിക്കാനാകുകയുള്ളൂ. അല്ലെങ്കിൽ അത് എറിഞ്ഞ് വായിലിടുന്ന ചില എച്ചിൽ കഷ്ണങ്ങൾ മാത്രം വായിലെത്തുന്ന സ്ഥിതിയിലാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനങ്ങൾക്കനുയോജ്യമായ വിധം പുനഃക്രമീകരിക്കുകയും കൂടുതൽ ഫ്ലെക്സിബിലിറ്റി ഉൾക്കൊള്ളിക്കുകയും

ചെയ്യണമെന്നുള്ളതാണ് ഈ പ്രമേയത്തിന്റെ കണ്ടന്റ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വ്യാപ്തി വളരെ വലുതാണെന്ന് നമ്മളിൽ പലരും അറിയുന്നില്ല. നീക്കി വയ്ക്കുന്ന തുക വളരെ വലുതാണ്. ക്വാണ്ടിഫൈ ചെയ്ത് തുക എനിക്ക് പറയാൻ കഴിയില്ലെങ്കിലും സംസ്ഥാനങ്ങൾക്കാകെ കൈമാറുന്ന വിഭവങ്ങളുടെ അറുപത് ശതമാനവും കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെയാണ് കൈമാറുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ ആകെ ചെലവിന്റെ ഒൻപത് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിക്കുവേണ്ടിയാണ്. ഇത് ഫലപ്രദമാക്കുവാൻ കഴിയാതെ പോകുന്നതിന്റെ കാരണങ്ങൾ കേന്ദ്രസർക്കാരിന്റെ മുമ്പിൽ അവതരിപ്പിച്ച് പരിഹാരം കണ്ടെത്താനാകണമെന്ന ആഗ്രഹത്തിലാണ് ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. ഇത് നടപ്പിലാക്കപ്പെടുന്നത് സംസ്ഥാന സർക്കാരിന്റെ തലത്തിലോ അല്ലെങ്കിൽ പ്രാദേശിക സർക്കാരിന്റെ തലത്തിലോ ആണ്. എന്നാൽ ഇത് രൂപപ്പെടുന്നത് കേന്ദ്ര സർക്കാരിന്റെ തലത്തിലാണെന്നതാണ് പ്രശ്നം, ഇതാണ് പ്രായോഗിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ഈ പദ്ധതികളുടെ വലിയ പരിമിതിയും പ്രയാസങ്ങളുമായി ഇത് തുടരുകയാണ്. പലപ്പോഴും ഈ മാനദണ്ഡങ്ങൾ സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങളും സവിശേഷ സാഹചര്യങ്ങളും പരിഗണിക്കാതെ

ുരുപപ്പെടുകയാണ്. എല്ലാ കാലുകൾക്കും ഒരേ സൈസ് ചെരുപ്പ് one size fit all മാതൃകയിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ലെന്ന വസ്തുത വളരെയധികം നമുക്ക് ആശങ്കയുണർത്തുന്നതാണ്. കേരളത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങളുമായി തുലോം ഭിന്നമാണ്. നമ്മൾ ആയുർ ദൈർഘ്യത്തിന്റെ കാര്യത്തിലും മറ്റും വളരെ മുന്നിലെത്തിയിരിക്കുന്നൊരു സംസ്ഥാനമാണ്. വിദ്യാഭ്യാസ മേഖലയിലും വലിയ കുതിച്ചുകയറ്റമാണുണ്ടായിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതി നമ്മുടെ കൃഷി അനുബന്ധമേഖലയുമായി സംയോജിപ്പിക്കാൻ കഴിയാത്തൊരവസ്ഥ നിലനിൽക്കുകയാണ്. ജലസംരക്ഷണ പദ്ധതികൾ, പി.എം.കെ.എസ്.വൈ. (Pradhan Mantri Krishi Sinchai Yojana) സംബന്ധിച്ച് രാവിലെ ഇവിടെ സൂചിപ്പിച്ചതാണ്. പ്രധാൻ മന്ത്രി കൃഷി സഞ്ചയ് യോജന, ഹർ ഖേത്ത് കോ പാനി എന്ന പദ്ധതിയും ജലാശയങ്ങൾ നവീകരിക്കാൻ വേണ്ടി ആർ.ആർ.ആർ. ഓഫ് പോണ്ട്സ് എന്ന പദ്ധതിയുമുണ്ട്. നിലവിലിരിക്കുന്ന മാനദണ്ഡമനുസരിച്ച് ഗ്രാമീണ മേഖലയിൽ 5 ഹെക്ടർ എന്നുപറഞ്ഞാൽ 12.50

ഏക്കർ വിസ്തൃതിയുള്ള ജലാശയങ്ങൾ മാത്രമാണ് ഏറ്റെടുക്കാൻ കഴിയുക. അർബൻ മേഖലയിൽ ആണെങ്കിൽ അത് കറച്ചുകൂടി മെച്ചപ്പെട്ട് 2 ഹെക്ടർ എന്നുപറഞ്ഞാൽ 5 ഏക്കർ, ഇത്തരത്തിലുള്ളൊരു ജലാശയം കേരളത്തിലില്ല. വലിയ തുകയാണ് ഇതിനുവേണ്ടി നീക്കിവച്ചിരിക്കുന്നത്. നമ്മുടെ കൂടിയ ജനസാന്ദ്രതയും ചരിവായ ഭൂപ്രകൃതിയും sloping terrain-ഒക്കെ അനുസരിച്ചാണ് ഇത്തരം ജലാശയങ്ങളില്ലാത്ത അവസ്ഥ. നമുക്ക് പരമാവധി അഞ്ച് സെന്റ്, പത്ത് സെന്റ് അതുപോലെ തന്നെ ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം, ചെക്ക് ഡാം, വി.സി.ബി. എന്നിവ നിർമ്മിക്കുന്ന കാര്യത്തിലും സി.സി.എ. (cultivable command area) 20 ഹെക്ടർ 50 ഏക്കറാണെങ്കിൽ മാത്രമേ നമുക്ക് ഇത്തരം കാര്യങ്ങൾ നിർമ്മിക്കാൻ കഴിയൂ. ഇതൊന്നും നമ്മുടെ സാഹചര്യങ്ങൾക്ക് അനുയോജ്യമാവും വിധമല്ല.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പി.എം.ജി.എസ്.വൈ.-യുടെ കാര്യം പറഞ്ഞു. അങ്ങ് പറഞ്ഞതുപോലെ പി.എം.ജി.എസ്.വൈ.-യുടെ ഗൈഡ്ലൈൻസിൽ മാറ്റം വരുത്തണം. പക്ഷെ കഴിഞ്ഞ മൂന്ന് കൊല്ലമായി പി.എം.ജി.എസ്.വൈ. പദ്ധതിയിൽ പാർലമെന്റ് അംഗങ്ങൾ അഡോപ്റ്റ് ചെയ്യുന്ന പഞ്ചായത്തുകളിലെ ഫണ്ടല്ലാതെ ഒരു കി.മീ. റോഡ് കേരളത്തിന്

ലഭിച്ചിട്ടില്ല. നോംസിന്റെ കുഴപ്പംകൊണ്ടല്ല. അത് കേരളാ ഗവൺമെന്റ് ടേക്കപ് ചെയ്തിട്ടില്ല. നോംസിനനുസരിച്ച് തന്നെ ചെയ്യാൻ കഴിയുന്നതാണ്. അത് ചെയ്യുന്നില്ല.

ശ്രീ. മാത്യു ടി. തോമസ്: സർ, എന്റെ പ്രമേയത്തിലെ വിഷയം നോംസിനെ സംബന്ധിച്ചാണ്. മറ്റ് പ്രായോഗിക വിഷയങ്ങൾ വേറെ ചർച്ച ചെയ്യേണ്ടതാണ്. പി.എം.ജി.എസ്.വൈ.-യിൽ പഞ്ചായത്ത് റോഡുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. റോഡിന് കുറഞ്ഞത് 5 കി.മീ. ദൈർഘ്യവും വീതി 6 മീറ്ററും വേണം. നമ്മുടെ പഞ്ചായത്ത് റോഡുകളൊന്നും തന്നെ 5 കി.മീ. ദൈർഘ്യവും 6 മീറ്റർ വീതിയുമുള്ളതില്ല. എന്നുമാത്രമല്ല, പദ്ധതിയിൽ ഏറ്റെടുക്കേണ്ട റോഡുകൾക്ക് 1 ഇൻ 12.5 ചെരിവുണ്ടായിരിക്കണം. നേരെയുള്ള റോഡുകൾ പാടില്ല, ചെരിവുള്ള റോഡുകൾ വേണം. ദുരന്ത നിവാരണ ഫണ്ടിൽ റീടാറിംഗ് മാത്രമേ അനുവദിക്കുകയുള്ളൂ. വലിയ പ്രളയമുണ്ടായി നമ്മുടെ റോഡുകൾ മണ്ണിടിഞ്ഞ് പോയാൽപ്പോലും ഫണ്ട് അനുവദിക്കാത്ത അവസ്ഥാവിശേഷമാണുള്ളത്. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിൽ നിരവധി പ്രശ്നങ്ങളാണ്. അതിലെ റേറ്റെല്ലാം വടക്കേ ഇന്ത്യൻ റേറ്റുകളാണ്. നമുക്കിവിടെ ബാധകമാക്കാൻ കഴിയുന്നില്ലെന്ന് മാത്രമല്ല, ഇപ്പോൾ

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സോഷ്യോ എക്കണോമിക് കാസ്റ്റ് സെൻസസ് പ്രകാരമായതുകൊണ്ട് പല അപേക്ഷകരും പുറത്തുപോകുകയാണ്. സ്വച്ഛ് ഭാരത് മിഷൻ, പുതിയ കക്കൂസുകൾ നിർമ്മിക്കാൻ, അല്ലെങ്കിൽ നിലവിലിരിക്കുന്ന ഇൻസാനിറ്ററി കക്കൂസുകൾ സാനിറ്ററിയാക്കി മാറ്റാൻ മാത്രമേ പറ്റുകയുള്ളൂ. പ്രളയ സമയത്ത്, നമ്മുടേത് പൂർണ്ണമായും ഒ.ഡി.എഫ്. അച്ചീവ് ചെയ്ത സംസ്ഥാനമാണ്. ഇവിടെ പ്രളയത്തിൽ നഷ്ടപ്പെട്ടുപോയത് വീണ്ടെടുക്കാൻ കഴിയുന്നില്ല. സംസ്ഥാനത്തെ താല്പര്യങ്ങൾക്ക് വിപരീതമായ രീതിയിലാണ് കേന്ദ്രാവിഷ്കൃത പദ്ധതികളിലെ എല്ലാ മാനദണ്ഡങ്ങളും നിലനിൽക്കുന്നത്. ഇതിലൊരു പൊളിച്ചെഴുത്ത് ആവശ്യമാണ്. ഇതോടൊപ്പം തന്നെ പ്രധാനപ്പെട്ട വിഷയമാണ് ഇതിന്റെ ഫണ്ടിംഗ് പാറ്റേൺ. 100 ശതമാനം കേന്ദ്ര വിഹിതം നൽകിയിരുന്നതെല്ലാം മാറിക്കൊണ്ടിരിക്കുകയാണ്. ഉദാഹരണമായി ഐ.സി.ഡി.എസ്., രാവിലെ ഇവിടെ അംഗനവാടി വിഷയം ചർച്ച ചെയ്തിരുന്നു. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമായിരുന്നത് 2017-ൽ സംസ്ഥാനങ്ങളോടുപോലും ആലോചിക്കാതെ കേന്ദ്ര വിഹിതം 25%-മായി കുറച്ചു. സംസ്ഥാനം 75%-മായി വർദ്ധിപ്പിക്കണം. അങ്ങനെ ഏകപക്ഷീയമായി കേന്ദ്ര സർക്കാർ ഫണ്ടിംഗ്

പാറ്റേൺ മാറ്റുമ്പോൾ സംസ്ഥാനത്തിന്റെ പരിമിത വിഭവത്തിൽ നിന്നും വലിയ തോതിൽ തുക നീക്കിവയ്ക്കേണ്ടിവരികയാണ്. ഇതുകൊണ്ടുള്ള ബുദ്ധിമുട്ട് നമ്മുടെ വിഭവങ്ങൾ വലിയ തോതിൽ മാറ്റിവയ്ക്കേണ്ടി വരുന്നു. എന്നുമാത്രമല്ല, വളരെ വൈകി മാത്രം ഇത്തരം കാര്യങ്ങൾ എടുക്കുന്നതുകൊണ്ട് ചില കാര്യങ്ങളിൽ പദ്ധതിയിൽ മതിയായ തുക നീക്കിവയ്ക്കാൻ കഴിയാതെ വരികയാണ്. അതിന്റെ പൂർണ്ണമായ റിസൾട്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി ഇവിടെ നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടാകുകയാണ്. ഉദ്ദേശ ലക്ഷ്യങ്ങൾ വെളിപ്പെടുത്തി സംസ്ഥാനങ്ങൾക്ക് ഗ്രാന്റായി തുക കൈമാറിയാൽ മെച്ചപ്പെട്ട റിസൾട്ട് ഉണ്ടാക്കാൻ കഴിയും. അതിന് ഒരുപക്ഷെ കേന്ദ്ര ഗവൺമെന്റ് തയ്യാറായെന്ന് വരികയില്ല. അതുകൊണ്ടാണ് ഏറ്റവും കുറഞ്ഞത് ഓരോ സംസ്ഥാനത്തിന്റെയും സവിശേഷ സാഹചര്യങ്ങൾ വിലയിരുത്തി ഇതിന്റെ മാനദണ്ഡങ്ങൾ പുനർ നിശ്ചയിക്കാനുള്ള വിവേചനാധികാരം സംസ്ഥാനങ്ങൾക്ക് നൽകുന്ന രൂപത്തിൽ അയവുകൾ വരുത്താൻ കേന്ദ്രം തയ്യാറാകണമെന്ന് പറഞ്ഞത്. ഇതോടൊപ്പംതന്നെ പ്രധാനമാണ് കേന്ദ്രത്തിൽ നിന്നുള്ള ഷെയറിനെ സംബന്ധിച്ചുള്ളത്. സെൻട്രൽ ടാക്സ് റവന്യൂ, കേന്ദ്രാവിഷ്കൃത പദ്ധതികളുമായി

നേരിട്ട് ബന്ധപ്പെടുന്ന വിഷയമല്ലെങ്കിൽപ്പോലും 1971-ലെ ജനസംഖ്യാ നിരക്കനുസരിച്ചുകൊണ്ടാണ് നമുക്ക് കേന്ദ്ര നികുതിയുടെ വിഹിതം കിട്ടിക്കൊണ്ടിരുന്നത്. ഇപ്പോൾ അതിൽ മാറ്റം വരുത്തുകയാണ്. 2011-ലെ ജനസംഖ്യാ കണക്കനുസരിച്ച് കിട്ടുമ്പോൾ നമുക്ക് വലിയ കുറവ് വരികയാണ്. ജനസംഖ്യാ നിയന്ത്രണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയ സംസ്ഥാനം എന്ന നിലയ്ക്ക് അഭിനന്ദനം നൽകേണ്ടതിന് പകരം മറ്റ് സംസ്ഥാനങ്ങളിൽ ജനസംഖ്യ വർദ്ധിക്കുന്നതുമൂലം നമ്മുടെ കേന്ദ്ര വിഹിതം കുറയുന്ന സാഹചര്യമുണ്ടാകുകയാണ്. നമുക്കിവിടെ പ്രധാനപ്പെട്ട പ്രശ്നം, ഈ മാനദണ്ഡങ്ങൾമൂലം നമുക്കുണ്ടാകുന്ന ബുദ്ധിമുട്ട്, ഒരു രൂപത്തിലും നമ്മുടെ സംസ്ഥാനത്തിന്റെ സാഹചര്യങ്ങളുമായി ഇണങ്ങാത്ത സാഹചര്യത്തിൽ മാനദണ്ഡങ്ങൾ വളരെ കഠിനമായി നിലനിൽക്കുകയാണ്. അതോടൊപ്പംതന്നെ ഫണ്ടിംഗ് പാറ്റേൺ ഇടയ്ക്കിടെ മാറുന്നതുമൂലം മതിയായ തുക പ്രാദേശിക സർക്കാരുകൾക്കാണെങ്കിലും സംസ്ഥാന സർക്കാരിനും മാറ്റിവയ്ക്കാൻ കഴിയാതെ വരുന്നു. നമ്മുടെ വിഭവങ്ങൾ വലിയ തോതിൽ ചോർന്നുപോകുന്നു. അതോടൊപ്പംതന്നെ ജനസംഖ്യ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ടാക്സിന്റെ ഷെയറിംഗ് അതും

ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇക്കാര്യങ്ങളിൽ മാറ്റമുണ്ടാക്കണമെന്നാണ് ഈ പ്രമേയത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ഈ പ്രമേയത്തെ ഐകകണ്ഠ്യേന പാസ്സാക്കിത്തരാൻ എല്ലാവരും സഹകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ഈ പ്രമേയത്തിന് ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്. പ്രമേയത്തിനുള്ള എന്റെ ഭേദഗതി, ഒന്നാമത്തെ പ്രമേയത്തിലെ അവസാന ഖണ്ഡികയ്ക്കു പകരം താഴെ പറയുന്നത് ചേർക്കണം.

" ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേന്ദ്രതലത്തിൽ തീരുമാനിക്കുന്നത് ഒഴിവാക്കി സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾ മുൻകൂട്ടി കണ്ട്, വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും നടത്തുന്നതിന് ഇതിനായുള്ള കേന്ദ്രവിഹിതം സംസ്ഥാനങ്ങൾക്ക് ഗ്രാന്റുകളായി അനുവദിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

കേന്ദ്രാവിഷ്കൃത പദ്ധതിയിലെ പല മാനദണ്ഡങ്ങളും ഇന്ന് പദ്ധതിമുടങ്ങുവാൻ കാരണമാവുകയാണ്. ചിലതൊക്കെ തുടങ്ങിവച്ചത് ഇന്ന് മുടങ്ങിക്കിടക്കുന്നു. പലതിലും തുക ലാപ്സായിക്കൊണ്ടിരിക്കുന്നു. ഈ പ്രമേയം

വളരെ ഗൗരവമുള്ളതാണ്. മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം ഉണ്ടായെങ്കിൽ മാത്രമേ കേരളം പോലൊരു സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപോലും ഇന്ന് അവതാളത്തിലായിരിക്കുകയാണ്. ഓരോ സംസ്ഥാനത്തിനും അവിടത്തേതായ ചില സാഹചര്യങ്ങളുണ്ടാകും. ആ സാഹചര്യങ്ങൾകൂടി മനസ്സിലാക്കിയിട്ടുവേണം സംസ്ഥാന സർക്കാർ ഓരോ നോംസും ഉണ്ടാക്കേണ്ടതെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ പലപ്പോഴും തുക 60:40 ശതമാനമാണ്. 40 ശതമാനം തുക സംസ്ഥാന സർക്കാർ കണ്ടെത്തേണ്ടതായിട്ടുണ്ട്. പലപ്പോഴും 40 ശതമാനം തുക കണ്ടെത്താൻ സാധ്യമല്ലാത്ത അവസ്ഥ നമ്മുടെ സംസ്ഥാനത്തുണ്ടാകാറുണ്ട്. പ്രത്യേകിച്ച് ഖജനാവിന്റെ ഇപ്പോഴത്തെ അവസ്ഥ നമുക്കോരോരുത്തർക്കും അറിയാം. പി.എം.കെ.എസ്.വൈ., സ്വച്ഛ്ഭാരത് മിഷൻ, ICDS, മിഡ് ഡേ മീൽസ് പ്രോഗ്രാം എന്നീ പദ്ധതികൾക്ക് കിട്ടുന്ന കേന്ദ്ര ഫണ്ട് സമയബന്ധിതമായി കൊടുക്കാനും നമ്മൾ ശ്രദ്ധിക്കണം. അതുപോലെ തന്നെ അമൃത് പദ്ധതിയിലും സ്മാർട്ട് സിറ്റി പദ്ധതിയിലും കേന്ദ്ര ഫണ്ട് അനുവദിച്ചിട്ടും അത് കൃത്യമായ രീതിയിൽ ഉപയോഗിക്കാൻ നമുക്ക്

ഇതുവരെ കഴിഞ്ഞിട്ടില്ല എന്നുള്ളതും ഈ അവസരത്തിൽ പറയുകയാണ്. സമയക്കുറവ് കാരണം ഞാൻ ദീർഘിപ്പിക്കുന്നില്ല. മറ്റ് അംഗങ്ങൾക്ക് സംസാരിക്കാനുള്ളതുകൊണ്ട് ഞാൻ ചുരുക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ശ്രീ. മാത്യു ടി. തോമസ് ഇവിടെ അവതരിപ്പിച്ച പ്രമേയം ഏറെ കാലികമായതും കേരളം ഇനി മുന്നോട്ട് പോകുമ്പോഴുള്ള ആവശ്യങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ളതുമാണ്. ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. സമയക്കുറവുണ്ടെങ്കിൽപ്പോലും ബഹുമാന്യനായ അവതാരകൻ വളരെ വിശദമായി അതിവിടെ സൂചിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ മറ്റിതര സംസ്ഥാനങ്ങളിൽ നിന്നും വേർതിരിക്കുന്നതാണിത്. കേരളത്തിന്റെ വികസന സാധ്യതകൾ കണ്ടുകൊണ്ട് 1957-ൽത്തന്നെ ഇതിന്റെ അടിത്തറ ചെയ്തിട്ടുണ്ട്. അതിലൊന്നാണ് ഭൂപരിഷ്കരണം. വിദ്യാഭ്യാസ ബിൽ, അതോടൊപ്പം ഒട്ടേറെ നിയമനിർമ്മാണങ്ങൾ തൊഴിലാളികൾക്കുൾപ്പെടെ നടത്തിയ ഒരു സംസ്ഥാനമാണിത്. എന്നാൽ ഇന്ന് കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന നിലപാട് ഈ കേരളത്തെ കണ്ടുകൊണ്ടല്ല. ഇന്ത്യയിലെ 29 സംസ്ഥാനങ്ങൾ എടുത്ത് പരിശോധിച്ച് ഓരോ സംസ്ഥാനത്തിന്റെയും സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടായിരിക്കണം കേന്ദ്ര പദ്ധതികൾ

നടപ്പിലാക്കേണ്ടത്. പദ്ധതികൾ നൽകുന്നതിന് മുമ്പ് സംസ്ഥാന ഗവൺമെന്റുകളുമായി ചർച്ച ചെയ്ത് അവിടെ പ്രായോഗികമായി ഇതെങ്ങനെ നടപ്പിലാക്കാൻ കഴിയും എന്നതിനെക്കുറിച്ച് പഠനം നടത്തിക്കൊണ്ടായിരിക്കണം പദ്ധതി നൽകേണ്ടത്. ഒരു ഫെഡറൽ സംവിധാനത്തിൽ ഓരോ സംസ്ഥാനത്തിന്റെയും സവിശേഷതകൾ മനസ്സിലാക്കിക്കൊണ്ട് നടപ്പിലാക്കിയാൽ മാത്രമേ ഉദ്ദേശിച്ചതുപോലെ ഫണ്ട് ഉപയോഗിക്കാൻ സംസ്ഥാനത്തിന് കഴിയുകയുള്ളൂ. പി.എം.ജി.എസ്.വൈ., തൊഴിലുറപ്പ് എന്നീ പദ്ധതികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതെല്ലാം അതിന്റെ അർത്ഥത്തിൽ നടപ്പിലാക്കണമെങ്കിൽ, കേരളത്തെക്കൂടി കേട്ടുകൊണ്ട് നടപ്പിലാക്കുകയാണെങ്കിൽ അതെല്ലാം പൂർണ്ണമായും നമുക്ക് ഉപയോഗിക്കാൻ കഴിയും. ഇതിപ്പോൾ കടം വാങ്ങുന്ന ആളുകൾക്ക് ബാങ്കിൽ പണമില്ലാത്തതുകൊണ്ട് ഒരു ചെക്ക് കൊടുത്തുകളയാം എന്ന് തീരുമാനിച്ച് ഒരു ലക്ഷം രൂപയുടെ ചെക്ക് നൽകുകയും ബാങ്കിൽ 20000 രൂപയേ ഉള്ളൂവെങ്കിൽ അത് എടുക്കാൻ കഴിയുകയില്ലല്ലോ എന്നും തീരുമാനിച്ച സാഹചര്യത്തിൽ, കടം ചോദിച്ചയാൾ 81000 രൂപ ബാങ്കിലിട്ട് ഒരു ലക്ഷം രൂപ മാറാൻ

കഴിയുന്നതുപോലെയാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നടത്തുന്ന സമീപനം. നമ്മുടെ പണം കൊള്ളയടിക്കുന്ന, അല്ലെങ്കിൽ നമ്മുടെ പണം എടുത്തുപോകുന്ന ഒരു നില, കേന്ദ്ര പദ്ധതി നടപ്പിലാക്കിയെന്ന് പറയുകയും ചെയ്യുകയാണ്. ഇവിടെ അംഗൻവാടിയെക്കുറിച്ച് നേരത്തേ സൂചിപ്പിക്കുകയുണ്ടായി. നേരത്തേ 40% കേന്ദ്ര വിഹിതം ഉണ്ടായിരുന്നത് ഇപ്പോൾ 25% ആക്കി. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് 75%-ന്റെ ബാധ്യതയാണ് വരുന്നത്. കേരള ഗവൺമെന്റിന്റെ റവന്യൂ വളരെ പരിമിതമാണ്. അതേ സമയത്ത് നമ്മുടെ സംസ്ഥാനത്തുനിന്നും എത്രയോ ഫണ്ട് കേന്ദ്രത്തിന് ലഭിക്കുന്നുമുണ്ട്. നമ്മുടെ സംസ്ഥാനത്തെ മലഞ്ചരക്ക്, സുഗന്ധദ്രവ്യങ്ങൾ ഉൾപ്പെടെയുള്ള കയറ്റുമതികളിൽ നിന്നും മത്സ്യ സമ്പത്തിൽ നിന്നുമെല്ലാം ഒട്ടേറെ നികുതി കേന്ദ്രത്തിന് ലഭിക്കുന്നുണ്ട്. എന്നാൽ കേന്ദ്ര വിഹിതം എന്ന നിലയ്ക്ക് നമുക്ക് ലഭിക്കേണ്ട ഫണ്ട് മതിയായ അളവിൽ ലഭിക്കാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട അവതാരകൻ സൂചിപ്പിച്ചതുപോലെ ഇതിലൊരു പൊളിച്ചെഴുത്ത് അനിവാര്യമായ സാഹചര്യമാണ് ഇന്നുള്ളത്. പ്രായോഗിക തലത്തിലേക്ക് അത് കൊണ്ടുവരുമ്പോൾ നടപ്പിലാക്കേണ്ടുന്ന പ്രശ്നങ്ങളാണ് നാം ആലോചിക്കേണ്ടത്. പദ്ധതികൾ നടപ്പിലാക്കുന്നത് പ്രാദേശിക

ഗവൺമെന്റുകളാണ്. ഗ്രാമ, ജില്ല, ബ്ലോക്കുകളുടെ ആഭിമുഖ്യത്തിലാണ് ഇതെല്ലാം നിർവ്വഹിക്കുന്നത്. അതിന് സഹായകരമായ നിലയാണ് ഇതുമായി ബന്ധപ്പെട്ട് വരേണ്ടതെന്ന് സൂചിപ്പിച്ചുകൊണ്ട്, മറ്റ് അംഗങ്ങൾക്ക് സംസാരിക്കാനുള്ള അവസരംകൂടി വേണമെന്നതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ഈ ചർച്ച അവസാനിപ്പിക്കണമെന്ന കാഴ്ചപ്പാടോടുകൂടി ഞാൻ ഇതിനെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രമേയമാണ് ബഹുമാന്യനായ മാത്യു ടി. തോമസ് ഇവിടെ അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെ ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, കൃഷി, ന്യൂനപക്ഷക്ഷേമം തുടങ്ങിയ മേഖലകളിൽ ധാരാളം കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും കൊടുക്കുന്നുണ്ട്. പക്ഷെ ഈ ഫണ്ടുകളൊക്കെത്തന്നെ സംസ്ഥാനതലത്തിൽ വിനിയോഗിക്കാൻ സാധിക്കാത്ത ഒരു സാഹചര്യമാണ് നിലവിലുള്ളത്. അതിൽ പ്രധാനമായും പ്രമേയാവതാരകൻ സൂചിപ്പിച്ചതുപോലെ കേന്ദ്രം നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ സംസ്ഥാനത്തിന്റെ പ്രത്യേകമായ സാമൂഹിക സാഹചര്യത്തിൽ സാധ്യമല്ലെന്നതുതന്നെയാണ് കാരണം.

അതുകൊണ്ട് ഈ മാനദണ്ഡങ്ങളൊക്കെ തന്നെ സംസ്ഥാന ഗവൺമെന്റിന്റെ വിവേചനാധികാരം ഉപയോഗിച്ചുകൊണ്ട് പുനർനിർണ്ണയിക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരം നൽകണമെന്നതാണ് ഈ പ്രമേയത്തിന്റെ ഉള്ളടക്കം. അത് തീർച്ചയായും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഞങ്ങൾ അതിനെ അനുകൂലിക്കുകയാണ്. പ്രത്യേകിച്ച് എല്ലാ എം.എൽ.എ.മാരും അനുഭവിക്കുന്ന ഒരു കാര്യമാണ്, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെ നമ്മൾ സമീപിക്കുമ്പോൾ ഫ്ലഡ് റിലീഫ് ഫണ്ട് ഉപയോഗിച്ച് റോഡുകൾ പുനർ നിർമ്മിക്കുന്നതിനുവേണ്ടി ഫണ്ട് അനുവദിക്കും. നേരത്തെയുണ്ടായിരുന്ന മാനദണ്ഡം തന്നെ വ്യത്യസ്തമായിരുന്നു. വടക്കേ ഇന്ത്യയിലെ ഒരു റോഡ് പുനർനിർമ്മിക്കുന്നതിന് വേണ്ടിവരുന്ന ഫണ്ടല്ല ഇവിടെ ആവശ്യം വരുന്നത്. ഇപ്രാവശ്യം അത് മാറ്റിയിട്ടുണ്ടെങ്കിലും എങ്ങനെയാണോ റോഡുണ്ടായിരുന്നത്, പ്രത്യേകിച്ച് റോഡുകൾ പുനർനിർമ്മിക്കുന്ന കാര്യത്തിൽപ്പോലും ഉദാഹരണത്തിന് കേരളത്തിന്റെ സാഹചര്യത്തിൽ റീ-ടാറിംഗ് മാത്രമേ അനുവദിക്കുകയുള്ളൂ എന്ന നിലപാടാണ് എഞ്ചിനീയർമാർ സ്വീകരിക്കുന്നത്. റോഡ് റീ-ടാർ ചെയ്യുന്നതിനോ പുനർനിർമ്മിക്കുന്നതിനോ ഫ്ലഡ് റിലീഫ് ഫണ്ട് വിനിയോഗിക്കാൻ കഴിയാത്തത് ഈ മാനദണ്ഡങ്ങളുടെ കണിശത

കൊണ്ടാണ്. അതുകൊണ്ട് ഒരു ഫ്ലക്സിബിലിറ്റി ഈ കാര്യത്തിൽ ഉണ്ടാക്കണം. ഇത് പ്രധാനപ്പെട്ട കാര്യമാണ് അതുകൊണ്ട് ഈ പ്രമേയം വളരെ പ്രസക്തമാവുകയാണ്. പി.എം.ജി.എസ്.വൈ. പദ്ധതി മുഖേന കിട്ടുന്ന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട പ്രമേയാവതാരകൻ തന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. അതുപോലെ തന്നെ, വിദ്യാഭ്യാസ രംഗത്ത് അനേകം പദ്ധതികൾ ഇവിടെ നിലവിലുണ്ട്. ആ പദ്ധതികളൊക്കെ, പ്രത്യേകിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുന്ന ഫണ്ട്, സ്കൂളുകളെ ഒരു യൂണിറ്റാക്കിയാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കുന്നത്. 400 കുട്ടികൾക്ക് ഇത്ര അദ്ധ്യാപകർ അല്ലെങ്കിൽ 500 കുട്ടികൾക്ക് ഇത്ര അദ്ധ്യാപകർ എന്ന രീതിയാണ് സ്കൂളുകളുടെ കാര്യത്തിലുള്ളത്. അതേസമയം നമ്മൾ 1:30 എന്ന ക്ലാസ് വൈസ് -ൽ ആണ് തീരുമാനിച്ചിരിക്കുന്നത്. ധാരാളം കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് പറയാനുണ്ട്. സമയപരിമിതി കാരണം അതൊന്നും പറയുന്നില്ല. പ്രത്യേകിച്ച് ന്യൂനപക്ഷക്ഷേമ കാര്യങ്ങളിലും ധാരാളം കാര്യങ്ങൾ പറയാനുണ്ട്. ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശം പരിഗണിച്ചുകൊണ്ട് എല്ലാവർക്കും ചർച്ചയിൽ പങ്കെടുക്കണമെന്നതുകൊണ്ടും ഞാൻ ചുരുക്കുകയാണ്. ഈ പ്രമേയത്ത ഞാൻ അനുകൂലിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, യഥാർത്ഥത്തിൽ സമയമെടുത്ത് ചർച്ച ചെയ്യേണ്ട വിഷയമാണിത്. കാരണം കേരളം ഇന്ന് വലിയ സാമ്പത്തിക ഞെരുക്കത്തിൽ നിൽക്കുന്ന സന്ദർഭത്തിൽ ഈ സംസ്ഥാനത്തെ ജനങ്ങൾ ആഗ്രഹിക്കുന്ന തോതിൽ വികസനം സാധ്യമാകണമെങ്കിൽ കേന്ദ്രം സംസ്ഥാനത്തിന് നൽകേണ്ട വിഹിതം, കേന്ദ്രാവിഷ്കൃത ഫണ്ടുകൾ വഴി നൽകേണ്ട വിഹിതം, ശരിയായ തോതിൽ വിനിയോഗിക്കാൻ സാധിക്കുന്ന രീതിയിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്നുള്ളത് ഇന്ന് സംസ്ഥാനത്തിന് അത്യന്താപേക്ഷിതമായി മാറിയിരിക്കുന്ന സന്ദർഭത്തിൽ ഏറ്റവും ഗൗരവമുള്ള ഒരു പ്രമേയമെന്ന നിലയിൽ ഈ പ്രമേയത്തെ കാണേണ്ടതാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമുള്ള സാഹചര്യത്തിൽ വേറൊരു കാര്യത്തിലേയ്ക്കും കടക്കുന്നില്ല. കേരളത്തിന്റെ സാമൂഹിക വികസന പട്ടികയിൽ നാം ഉണ്ടാക്കിയ മുന്നേറ്റം കേരളത്തിലെ ജനങ്ങൾ മാത്രമല്ല അനുഭവിക്കുന്നത് ലോകം മുഴുവൻ ഇത് ശ്രദ്ധിക്കുന്നുണ്ട്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ഭൂപരിഷ്കരണമുണ്ട്, കൂട്ടായി വിലപേശാൻ ലഭിച്ച അവകാശമുണ്ട്, വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും നാം നടത്തിയിട്ടുള്ള നിക്ഷേപമുണ്ട്, സാമൂഹിക സുരക്ഷ, പാർപ്പിടം, കുടിവെള്ളം, ഗ്രാമീണ

റോഡുകൾ, യാത്രാ സൗകര്യങ്ങൾ ഇവയെല്ലാം കേരളത്തിന്റെ സാമൂഹിക വികസന മുന്നേറ്റത്തിന് ഇടംപിടിച്ച കാര്യങ്ങളാണ്. 1970 മുതൽ കേന്ദ്ര ഗവൺമെന്റ് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇന്ത്യയിലൊട്ടാകെ നടപ്പിലാക്കാൻ മുതിർന്നു. ഏകദേശം 66-ഓളം പേരുകളിലാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇന്ത്യയിലൊട്ടാകെ നടപ്പിലാക്കാൻ നീങ്ങിയത്. ഇന്നത് ചുരുങ്ങി 28 ആയി മാറിയിട്ടുണ്ട്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വിവിധ പേരുകളിലാണ് ഒരുപക്ഷെ സാധാരണക്കാർക്ക് ഉച്ചരിക്കാൻ കഴിയാത്ത നിലയിലുള്ള പേരുകളിലാണ് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നത്. ഇപ്പോൾ ഏറ്റവും ഒടുവിലത്തെ ഒരുദാഹരണം, നമ്മുടെ സംസ്ഥാനത്തിൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കായിക വിദ്യാർത്ഥികൾക്ക് കായിക മേഖലയിലെ വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കുവേണ്ടി 576 കോടി രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയാണ് കേന്ദ്രത്തിന്റെ മുന്നിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത്. യഥാർത്ഥത്തിൽ 470 കോടി രൂപ കേന്ദ്രം നമ്മുടെ സംസ്ഥാനത്തിന് നൽകേണ്ടതാണ്. എന്നാൽ ലഭിച്ചത് വെറും 250 കോടി

രൂപ മാത്രമാണ്. വിവിധ സ്ഥലങ്ങളിൽ ബി.ആർ.സി.-യിൽ ട്രെയിനിമാരായിട്ടുള്ള ആളുകൾക്ക്, പ്രീ വിദ്യാഭ്യാസം, കായികാവശ്യത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം എന്നിവയ്ക്കുവേണ്ടി ആ മേഖലയിൽ പണിയെടുക്കുന്നവർക്ക് ശമ്പളംപോലും കൊടുക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥ വരാൻ പോകുകയാണ്. എം.ജി.എൻ.ആർ.ഇ.ജി.-യുമായി ബന്ധപ്പെട്ട് അടുത്ത കാലത്ത് ഒരു നിവേദനം കേന്ദ്രഗവൺമെന്റിന്റെ മുന്നിൽ സമർപ്പിച്ച ഒരാളായതുകൊണ്ടാണ് ഞാനത് പറയുന്നത്. 2005-ലെ ആക്ടുപ്രകാരം നടപ്പിലാക്കുന്ന ഈ പദ്ധതികളുടെ ഗൈഡ്‌ലൈനിൽ അഞ്ചുപ്രാവശ്യമാണ് കേന്ദ്രഗവൺമെന്റ് മാറ്റം വരുത്തിയത്. രണ്ടാം യു.പി.എ. ഗവൺമെന്റും രണ്ടുപ്രാവശ്യം ഗൈഡ്‌ലൈനിൽ മാറ്റം വരുത്തി. കേരളത്തിൽ ഈ പദ്ധതിയിൽ 20 ലക്ഷം കുടുംബങ്ങൾ ജോലി എടുത്ത് അവരുടെ കുടുംബം പുലർത്തുന്നുണ്ട്. അവരുടെ തൊഴിൽ ചെയ്യാനുള്ള നിയമംവഴിയുള്ള അവകാശമാണ് നിഷേധിക്കുന്നത്. ഈ സംസ്ഥാനം പലനിലയിലും വികസനരംഗത്ത് മുരടിക്കാൻ പോകുന്നു. സാധാരണ ഗ്രാമങ്ങളിലെ പാവപ്പെട്ട ആളുകളുടെ ജീവിതം ഇല്ലാതാകാൻ പോകുകയാണ്. അതുകൊണ്ട് ഈ കേന്ദ്രാവിഷ്കൃത പദ്ധതികൾ ശരിയായ തോതിൽ

നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ശക്തമായ സമ്മർദ്ദം കേരള നിയമസഭ കേന്ദ്ര ഗവൺമെന്റിനുമുന്നിൽ നടത്തണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): വളരെ പ്രധാനപ്പെട്ട ഒരു പ്രമേയമാണ് ശ്രീ. മാത്യു ടി. തോമസ് ഇവിടെ അവതരിപ്പിച്ചത്. 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32 ശതമാനത്തിൽനിന്നും 42 ശതമാനമായി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന പദ്ധതികൾക്കുള്ള സാധാരണ കേന്ദ്ര സഹായം, അധിക കേന്ദ്ര സഹായം, ഒറ്റത്തവണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ നിർത്തലാക്കുകയും മറ്റ് ധനസഹായങ്ങളിൽ ആനുപാതികമായ കുറവുവരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റുപദ്ധതികളുമായും ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. ഒഴിവാക്കിയ പദ്ധതികളെ 50:50 എന്ന അനുപാതത്തിൽ സംസ്ഥാനത്തിന് നടപ്പാക്കാവുന്നതാണ്. കൂടാതെ 60 ശതമാനത്തിനുമുകളിൽ കേന്ദ്രവിഹിതം

ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത വരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തിനുള്ള കേന്ദ്രനികുതി വിഹിതത്തിൽ വർദ്ധനവുണ്ടായെങ്കിലും അതിന്റെ പ്രയോജനം കാര്യമായ തരത്തിൽ സംസ്ഥാനത്തിന് ലഭിച്ചില്ല. പകരം, പല കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും കേന്ദ്രവിഹിതത്തിന്റെ അനുപാതത്തിലുണ്ടായ കുറവുകാരണം പ്രസ്തുത പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി സംസ്ഥാനത്തിന്റെ ബഡ്ജറ്റിൽനിന്നും കൂടുതൽ തുക ചെലവഴിക്കേണ്ട അവസ്ഥ സംജാതമാകുകയാണുണ്ടായത്. ഇത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത വരുത്തിയിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ ദേശീയതലത്തിൽ പൊതുവായിട്ടാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എല്ലാ സംസ്ഥാനങ്ങളുടെയും ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ, അടിസ്ഥാന സൗകര്യ വികസന നിലവാര സൂചികകൾ പൊതുവായി പരിഗണിച്ചാണ് ഇത്തരം മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ രാജ്യത്തിന്റെ ഭൂരിഭാഗം സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ, സാമൂഹ്യ,

സാമ്പത്തിക, വിദ്യാഭ്യാസ, അടിസ്ഥാന സൗകര്യവികസന, ജീവിതനിലവാര സൂചികകളിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തെ സംബന്ധിച്ചിടത്തോളം ദേശീയതലത്തിൽ പൊതുവായി നിശ്ചയിക്കപ്പെട്ടിട്ടുള്ള മിക്ക മാനദണ്ഡങ്ങളും പ്രായോഗികമാകാതെ വരുന്നു. ഇത് പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനെ ബാധിക്കാനിടയുണ്ട്. രാജ്യത്തെ ഭൂരിഭാഗം സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിലും ജീവിത നിലവാരത്തിലും ബഹുദൂരം മുൻപന്തിയിലുള്ള കേരളത്തെ സംബന്ധിച്ചിടത്തോളം എൻ.എച്ച്.എം., എസ്.എസ്.എ., ദേശീയഗ്രാമീണ തൊഴിലുറപ്പുപദ്ധതി തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലെ മാനദണ്ഡങ്ങൾ പരിമിതിയുളവാക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനങ്ങളുടെ വികസന ആവശ്യങ്ങളും സാഹചര്യങ്ങളുമനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനരാവിഷ്കരിച്ച് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ അയവുവരുത്തുന്നതുവഴി പ്രസ്തുത പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ഭേദഗതിയോടുകൂടി പ്രമേയം അംഗീകരിക്കാവുന്നതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്രമേയം സഭ അംഗീകരിക്കുകയും ഐകകണ്ഠ്യേന പാസാക്കുകയും ചെയ്തിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നവംബർ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

( 2019 നവംബർ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്ക് 12.32 - ന് പിരിഞ്ഞു)

**********